**Sri. P. S. Nataraja Pillai:** Is it not a fact that even in the year 1949 the Government have stated that deficit was calculated on the figure of 394000 tons for Travancore on the basis of figures obtaining here?

**Sri. Panampilli Govinda Menon:** I should like to look into the figures.

**Sri. A. Thanu Pillai:** May I know why in view of that, for the last many years the quota for Travancore Cochin was not less than 4 lakhs 80 thousand tons? From the statements supplied to us may I know why it has consistently been even from 1941, 42 onwards that was the figure and now why did the Government lower their demand particularly in view of the fact of increase in population obtaining now?

**Sri. Panampilli Govinda Menon:** Government did not lower their demand. But the demand is made on the figures obtaining for the previous year's off-take.

**Sri. A. Thanu Pillai:** Then may I know was the previous year's off-take referred to? What was that? Has it ever been said that that quantity should be supplied?

**Sri. Panampilli Govinda Menon:** That has been done.

**Sri. A. Thanu Pillai:** Then what is demand now made for the coming year?

**Sri. Panampilli Govinda Menon:** 4 lakhs tons should be at least supplied.

## ധാന്യവിതരണം

* ൭൰൯. (൨) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൺട്രോൾവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.—

(എ) സംസ്ഥാനത്തെ ധാന്യവിതരണം ഇപ്പോൾ എന്തു വ്യവസ്ഥയിന്മേലാണ് നടത്തുന്നതു;

(ബി) കൺട്രോൾവിലക്കു കൺട്രോൾധാന്യം സാധാരണക്കാർക്ക് കിട്ടുന്നില്ല എന്നുള്ള വിവരം ഗവൺമെൻറിനു് അറിയാമോ;

(സി) കൺട്രോൾധാന്യം കരിഞ്ചന്തയിൽ വിറ്റ സംഗതിക്കോ, ധാന്യം സംബന്ധിച്ചു കൺട്രോൾ ഓർഡർ ലംഘിച്ചതിനോ ഇക്കൊല്ലം ആരെയെങ്കിലും പ്രോസിക്യൂട്ടുചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ): (എ, ബി, സി) ഈ സംസ്ഥാനത്തിലേക്ക് മാസംതോറും ബോംബേ ടെക്സ്റ്റൈൽ കമ്മീഷണർ അനുവദിക്കുന്ന കോട്ടാധാന്യം ഗവൺമെൻറ് തെരഞ്ഞെടുത്ത ഇംപോർട്ടേഴ്സിനെ അലോട്ടു ചെയ്യുകയും അവർ മുഖേന ഇവിടത്തേയ്ക്ക് ലൈസൻസു് എടുത്തിട്ടുള്ള ചില്ലറ വ്യാപാരികൾക്കു വിൽക്കുകയും ആ ചില്ലറ വ്യാപാരികൾ അതാതു താലൂക്കുകൾക്കു് നിശ്ചയപ്പെടുത്തിയിട്ടുള്ള വിലയനുസരിച്ചു വിൽക്കുകയും ചെയ്യണം. മൊത്ത വ്യാപാരികൾ ൩ ശതമാനം ലാഭവും ചില്ലറ വ്യാപാരികൾ ൫ ശതമാനം ലാഭവും എടുക്കുന്നതിനു വ്യവസ്ഥയുണ്ടു്. ചില്ലറ വ്യാപാരികൾ പൊതുജനങ്ങൾക്കു് വിൽക്കുന്ന ധാന്യത്തിന്റെ പരമാവധി നിശ്ചയപ്പെടുത്തിയിട്ടുണ്ടു്. കരിഞ്ചന്തക്കേസു് കണ്ടുപിടിക്കുകയും ഡിപ്പാർട്ടുമെൻറ് അവക്കു ശിക്ഷ നൽകുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പി. നാണു: മില്ലിൽ ഉണ്ടാക്കുന്ന കൺട്രോൾ ഇല്ലാത്ത ധാന്യവും നമ്മുടെ സംസ്ഥാനത്തു വന്നുചേരുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണറിയുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഒരു പായിൻറ് ആഫ് ഓർഡർ. ഹെയ്സിംഗിൽ നൽവിതരണമെന്നാണു കാണുന്നതു്. ഇവിടെ ധാന്യവിതരണത്തെപ്പറ്റിയാണു് പ്രസ്താവിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ: ചോദ്യം തുണി വിതരണത്തെപ്പറ്റിയാണ്.

ശ്രീ. പി. നാണു: മില്ലിൽ ഉണ്ടാക്കുന്ന കൺട്രോൾ ഇല്ലാത്ത തുണി ഇവിടെ വിതരണം ചെയ്യുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണ് അറിയുന്നത്.

ശ്രീ. പി. നാണു: മില്ലിൽ ഉണ്ടാക്കുന്ന തുണിയുടെ വില ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൺട്രോൾ ഇല്ലെന്നു പറയുമ്പോൾ വില ക്ലിപ്തപ്പെടുത്തുവാൻ നിവൃത്തിയില്ലല്ലോ.

ശ്രീ. പി. നാണു: അതു ഇഷ്ടംപോലെ വിൽക്കാമെന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ അങ്ങിനെയാണെന്നാണു തോന്നുന്നത്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ സംസ്ഥാനത്തേയ്ക്കാവശ്യമുള്ള തുണിയിൽ എത്ര ശതമാനം ഇവിടെ ഉണ്ടാക്കുന്നുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ കണക്ക് എന്റെ കൈവശമില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൊല്ലത്തെ കാട്ടൺമില്ലിൽ എത്ര തുണി ഉണ്ടാക്കുന്നുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സംസ്ഥാനത്തുണ്ടാക്കുന്ന തുണി മുഴുവൻ ഇവിടെ വിതരണം ചെയ്യുകയല്ല, ഇൻഡ്യയിൽ ആകെക്കൂടി ഉണ്ടാക്കുന്ന തുണിയുടെ കണക്കനുസരിച്ച് ഇവിടത്തെ വിതരണത്തിനാവശ്യമുള്ളതു അലോട്ടുചെയ്യുകയാണ്.

ശ്രീ. പി. നാണു: കൺട്രോൾ തുണിയുടെ ഏതെങ്കിലും ഭാഗം ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ നേരിട്ടുവിതരണം നടത്തുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ വിതരണം ചെയ്യുന്നതായി അറിവില്ല.

## കൃഷിച്ചെലവിനു അനുവദിച്ചിട്ടുള്ള നെല്ല്

* 9 (൧). (൩) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി വിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും കൃഷിക്കാർക്ക് അനുവദിച്ചിട്ടുള്ള നെല്ലിലോ, കൃഷിച്ചെലവിലോ എന്തെങ്കിലും വ്യത്യാസമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എയും, ബിയും) തിരുവിതാംകൂറിലെ കൃഷിക്കാർക്ക് പൊതുവെ പ്രായപൂർത്തിയായ ഒരാൾക്ക് ൨൫ പറ നെല്ലുവീതമാണ് കൃഷിച്ചെലവിനു അനുവദിച്ചുവന്നിരുന്നത്. കൊച്ചിയിൽ വസ്തു ഉടമസ്ഥന്മാർ അതായതു് ജന്മികൾക്ക് ൨൫ പറ വീതവും യഥാർത്ഥ കൃഷിക്കാർക്കു ൧൫ പറ വീതവും കൊടുത്തുവരുന്നു. ഇപ്പോൾ അതു ഏകീകരിച്ചിട്ടുണ്ട്. രണ്ടുവിഭാഗത്തിലും ഇതിനു ഏകദേശം വരുത്തിയിട്ടുണ്ട്. വിത്തിനും കൃഷിച്ചെലവിനും അനുവദിക്കുന്ന നെല്ലിന്റെ തൂക്കയിൽ വ്യത്യാസം ഇല്ല. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly